**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ**
**കാര്യാലയം, തിരുവനന്തപുരം.**

**(ഹാജർ : ഡോ.രത്തൻ.യു.കേൽക്കർ ഐ.എ.എസ്)**

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റുമാരായ ശ്രീമതി പി.എസ്.സംഗീത ഫയൽ ചെയ്ത ഒഎ 619/19, ശ്രീ.സി.വി.അരുൺകുമാർ ഫയൽ ചെയ്ത ഒഎ 2242/18 ഹർജികളിലെ അന്തിമ ഉത്തരവ് നടപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-
1) 19.12.2012-ലെ സ.ഉ (എം എസ്) നം.285/12/കൃഷി.
2) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച 22.08.2014-ലെ എസ് എച്ച് (2) 34015/14 നമ്പർ സർക്കുലർ.
3) 04.02.2015-ലെ സ.ഉ (സാധാ) നം.204/15/കൃഷി.
4) 25.05.2018-ലെ സ.ഉ (സാധാ)71/18/കൃഷി.
5) സ.ഉ (സാധാ) 711/18/കൃഷി തീയതി, 18.07.2018.
6) 05.10.2018-ലെ എസ് എച്ച് (2) 34015/14 നമ്പരായ കൃഷി ഡയറക്ടറുടെ ഉത്തരവ്.
7) ശ്രീമതി പി.എസ്.സംഗീത സമർപ്പിച്ച 07.11.2018-ലെ നിവേദനം (അനക്സർ എ 6).
8) ഒഎ 619/19 നമ്പർ ഹർജിയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 20.03.2019-ലെ അന്തിമ ഉത്തരവ്.
9) ഒ എ.2242/18 നമ്പർ ഹർജിയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 04.12.2018-ലെ ഉത്തരവ്.

**ഉത്തരവ് നം.എസ് എച്ച് (2) 14143/19 തീയതി, 18/10/2019**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലെ മണ്ണ് പരിശോധന ശാലകളിലെ സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് നിശ്ചിത യോഗ്യതയുണ്ടായിട്ടും തങ്ങളെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കാതെ തങ്ങളെക്കാൾ ജൂനിയറായ ജീവനക്കാർക്ക് നിയമനം നൽകി എന്നാരോപിച്ച് വകുപ്പിലെ കൃഷി അസിസ്റ്റന്റുമാരായ ശ്രീമതി പി.എസ്.സംഗീത, ശ്രീ.സി.വി.അരുൺകുമാർ എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്യുകയുണ്ടായി. പരാമർശം (8), (9) പ്രകാരം അപേക്ഷകരെയും, ടി വിഷയത്തിൽ താല്പര്യമുള്ള മറ്റുള്ളവരെയും നേരിൽ കേട്ടശേഷം ഹർജിക്കാരുടെ നിവേദനങ്ങൾ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്

പരാമർശം (3) ഉത്തരവിൽ ഒഎ 1840/14 ഫയൽ ചെയ്ത 3 പേർ ഉൾപ്പെടെ മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്നും ലഭിച്ച അപേക്ഷകൾ പരിഗണിച്ചശേഷം മാത്രമേ അടുത്ത സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള സർക്കുലർ പുറപ്പെടുവിക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിരുന്നു. ടി ഉത്തരവിനെതിരെ കൃഷി അസിസ്റ്റന്റുമാരായ ശ്രീ.രാജേഷ്, ശ്രീ.ശ്യാംകുമാർ എന്നിവർ ഒഎ 2103/16 നമ്പർ കേസ് ഫയൽ ചെയ്യുകയും ടി ജീവനക്കാർക്ക് അവർ സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ സ്ഥാനക്കയറ്റത്തിന് യോഗ്യരാകുന്ന മുറയ്ക്ക് നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പ്രകാരം സ്ഥാനക്കയറ്റം നൽകുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതനുസരിച്ച് പരാമർശം (6) പ്രകാരം മിനിസ്റ്റീരിയൽ ജീവനക്കാർക്കൊപ്പം ടി രണ്ട് കൃഷി അസിസ്റ്റന്റുമാർക്കും നിയമനം നൽകുകയുണ്ടായി.

ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ഹർജിക്കാരെയും, താല്പര്യമുള്ള മറ്റുള്ളവരെയും നേരിൽ കേൾക്കുകയുണ്ടായി. ഹർജിക്കാരായ ശ്രീമതി പി.എസ്.സംഗീത, ശ്രീ.സി.വി.അരുൺകുമാർ കൂടാതെ ശ്രീമതി രേഷ്മ രാജൻ, ശ്രീമതി അനു.കെ.എഫ് എന്നിവർ തങ്ങളെക്കാൾ ജൂനിയറായ ജീവനക്കാർക്ക് സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമനം നൽകിയതായും, കൂടാതെ പരാമർശം (2) പ്രകാരം അപേക്ഷ ക്ഷണിക്കുന്ന സമയത്ത് പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കാത്തതിനാൽ നിയമനം നൽകാതിരുന്ന കൃഷി അസിസ്റ്റന്റുമാരായ ശ്രീ.രാജേഷ്, ശ്രീ.ശ്യാംകുമാർ എന്നിവർക്ക് സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പരാമർശം (6) പ്രകാരം നിയമനം നൽകിയതിനാലും നിയമനത്തിന് അവരെയും പരിഗണിക്കണമെന്ന് ഹിയറിംഗ് വേളയിൽ ഹർജിക്കാർ അഭ്യർത്ഥിക്കുകയുണ്ടായി.

മേൽസാഹചര്യത്തിൽ മുകളിൽ പരാമർശിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റുമാരായ ശ്രീമതി പി.എസ്.സംഗീത, ശ്രീ.സി.വി.അരുൺകുമാർ, ശ്രീമതി രേഷ്മ രാജൻ, ശ്രീമതി അനു.കെ.എഫ് എന്നിവരെ സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ ചുവടെ പരാമർശിക്കും പ്രകാരം നിയമനം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം (8), (9) ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

| ക്രമ നം. | പേര്, തസ്തിക | നിലവിൽ ജോലി ചെയ്യുന്ന ആഫീസ് | തസ്തികമാറ്റം നൽകി നിയമിക്കുന്ന ആഫീസ് |
|---|---|---|---|
| 1. | സി.വി.അരുൺകുമാർ, കൃഷി അസിസ്റ്റന്റ് | കൃഷി ഭവൻ, നെടുങ്കണ്ടം, ഇടുക്കി | ജില്ലാ മണ്ണുപരിശോധന ശാല, ഇടുക്കി |
| 2. | സംഗീത.പി.എസ്, കൃഷി അസിസ്റ്റന്റ് | കൃഷി ഭവൻ, നഗരൂർ, കിളിമാനൂർ | ജില്ലാ മണ്ണുപരിശോധന ശാല, തൃശ്ശൂർ |

| | | | |
|---|---|---|---|
| 3. | രേഷ്മ രാജൻ, കൃഷി അസിസ്റ്റന്റ് | കൃഷി ഭവൻ, തിരുവേഗപ്പുറം, പട്ടാമ്പി | സഞ്ചരിക്കുന്ന മണ്ണുപരിശോധന ശാല, മലപ്പുറം |
| 4. | അനു.കെ.എഫ്, കൃഷി അസിസ്റ്റന്റ് | കൃഷി ഭവൻ, ഇരട്ടയാർ, ഇടുക്കി | ജില്ലാ മണ്ണുപരിശോധന ശാല, മലപ്പുറം |

ടി ഉത്തരവ് സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലെ പൊതു സ്ഥലംമാറ്റ ഉത്തരവിന് വിധേയമായിരിക്കും.

തസ്തികമാറ്റം മുഖേന നിയമനം നൽകിയ ജീവനക്കാർ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷത്തെ പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കേണ്ടതാണ്. ടി ജീവനക്കാരെ മേലധികാരികൾ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ചുമതലകളിൽ നിന്നും വിടുതൽ ചെയ്യേണ്ടതും, വിടുതൽ ചെയ്ത വിവരവും ജോലിയിൽ പ്രവേശിച്ച വിവരവും യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്. തസ്തികമാറ്റം ലഭിച്ച ജീവനക്കാരുടെ സർവ്വീസ് മുൻകാലപ്രാബല്യം അനുവദിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ആയത് സർക്കാരിന്റെ തീരുമാനത്തിന് വിധേയമായിരിക്കുന്നതാണ്.

ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ടി ജീവനക്കാരുടെ അസ്സൽ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട മേലധികാരികൾ പരിശോധിക്കേണ്ടതാണ്.

**ഒപ്പ്**
**ഡയറക്ടർ**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

BINDU MOL. T
Administrative Assistant II
Agriculture Development & Farmers Welfare Department
Vikas Bhavan, Trivandrum

ബന്ധപ്പെട്ട ജീവനക്കാർക്ക് (മേലധികാരി മുഖേന).

**പകർപ്പ് :-**

1) അഡ്വക്കേറ്റ് ജനറൽ ഓഫീസ്, തിരുവനന്തപുരം(ആമുഖകത്ത് സഹിതം)
2) പ്രിൻസിപ്പൽ കൃഷി ആഫീസർ, തിരുവനന്തപുരം / ഇടുക്കി / പാലക്കാട് / തൃശ്ശൂർ / മലപ്പുറം.
3) ചീഫ് സോയിൽ കെമിസ്റ്റ്, സെൻട്രൽ സോയിൽ & പ്ലാന്റ് ഹെൽത്ത് സെന്റർ, പാറോട്ടുകോണം.
4) ഐ റ്റി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
5) സ്റ്റോക്ക് ഫയൽ / സ്പെയർ.

എസ് എ.23/09.